കേരള സർക്കാർ

## സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തിരുമാറാടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് ഓഫീസ്**
**എറണാകുളം**
**e-mail: doekm.ksad@kerala.gov.in**

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)*

നം.കെഎസ്എ.ഇകെഎം(പി9)1204/2019

ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484- 247771
doekm.ksad@kerala.gov.in
തീയതി 03.09.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്,
തിരുമാറാടി ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)

സർ,

വിഷയം : തിരുമാറാടി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3) കാര്യാലയ പകർപ്പ്.

jg/-

.

നം.കെഎസ്എ.ഇകെഎം(പി.9)/2019

തീയതി: 03.09.2019

## എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ

## 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.10.2018 മുതൽ 31.05.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ജയ സി.ആർ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 17.06.2019 മുതൽ 29.06.2019 വരെ |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | |
| **പേര്** | **ഉദ്യോഗപ്പേര്** |
| ജെ. റസിയാബീവി | ഓഡിറ്റ് ഓഫീസർ |
| ജോമോൾ എം. ജോണി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| അനീഷ് ആർ. | ഓഡിറ്റർ |

.

### (ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|

| | | | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ ഒ. എൻ. വിജയൻ | 01.04.2018 | 31.03.2019 |
| **വൈസ് പ്രസിഡന്റ്** | ശ്രീമതി പുഷ്പലത രാജു | 01.04.2018 | 31.03.2019 |
| **സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ്** | | | |
| വികസന കാര്യം | ശ്രീമതി ഷൈബി രാജൻ | 01.04.2018 | 31.03.2019 |
| ക്ഷേമകാര്യം | ശ്രീ ജ്യോതിഷ് കുമാർ പി.റ്റി. | 01.04.2018 | 31.03.2019 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീമതി എൽസി പോൾ | 01.04.2018 | 31.03.2019 |

| | | | |
|---|---|---|---|
| **സെക്രട്ടറി** | ശ്രീമതി ഷീലാകുമാരി പി.വി. | 01.04.2018 | 23.05.2018 |
| | ശ്രീ റെയ്സൺ വി. വർഗീസ് | 24.05.2018 | 31.05.2018 |
| | ശ്രീമതി ഷീലാകുമാരി പി.വി. | 01.06.2018 | 22.06.2018 |
| | ശ്രീ റെയ്സൺ വി. വർഗീസ് | 23.06.2018 | 15.07.2018 |
| | ശ്രീമതി അജില യു.എസ്. | 16.07.2018 | 20.11.2018 |
| | ശ്രീ റെയ്സൺ വി. വർഗീസ് | 21.11.2018 | 02.12.2018 |
| | ശ്രീമതി അജില യു.എസ്. | 03.12.2018 | 25.12.2018 |
| | ശ്രീ റെയ്സൺ വി. വർഗീസ് | 26.12.2018 | 03.02.2019 |
| | ശ്രീമതി അജില യു.എസ്. | 04.02.2019 | 2703.2019 |
| | ശ്രീ റെയ്സൺ വി. വർഗീസ് | 28.03.2019 | 31.03.2019 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ റെയ്സൺ വി. വർഗീസ് | 01.04.2018 | 31.03.2019 |

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി സീന ജോസഫ് | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ. സിജോ ജോസഫ് | 01.04.2018 | 04.03.2019 |
| | ഡോ.സാവിത്രി എ.െകെ. | 05.03.2019 | 31.03.2019 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. മെർലിൻ മർക്കോസ് | 01.04.2018 | 21.07.2018 |
| | ഡോ. ജോർളിൻ ജോസ് | 22.07.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സൂര്യാമോൾ വി.എസ്. | 01.04.2018 | 31.03.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി അഞ്ചു കൃഷ്ണ കെ. | 01.04.2018 | 31.08.2018 |
| | ശ്രീമതി കൃഷ്ണേന്ദു മോഹൻ | 01.09.2018 | 31.03.2019 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഒലിയപ്പുറം) | ശ്രീ മഞ്ജുഷ് ജോസഫ് | 01.04.2018 | 31.03.2019 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മണ്ണത്തൂർ) | ശ്രീ ബിജു റ്റി. | 01.04.2018 | 31.03.2019 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തിരുമാറാടി) | ശ്രീമതി നീതു ജോൺസൺ | 01.04.2018 | 25.05.2018 |
| | ശ്രീ മഞ്ജുഷ് ജോസഫ് | 26.05.2018 | 18.12.2018 |
| | ശ്രീമതി നീതു ജോൺസൺ | 19.12.2018 | 31.03.2018 |
| വെറ്ററിനറി സർജൻ | ഡോ. സഫ്ന എെസക് | 01.04.2018 | 31.03.2019 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ബിന്ദു പ്രസാദ് | 01.04.2018 | 31.03.2019 |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി ഗീതാഞ്ജലി | 01.04.2018 | 31.03.2019 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| ഹെഡ്മിസ്ട്രസ് ഗവ. എൽ.പി.എസ്. കാക്കൂർ | ശ്രീമതി പി. ഗിരിജ | 01.04.2018 | 31.03.2019 |
| | | | |

.

**ഉള്ളടക്കം**



| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പപദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ധനകാര്യ പത്രികയിലെ അപാകതകൾ | 1-12 |
| 13 | ഓഡിറ്റ് ഇംപാക്ട് | 1-13 |
| | ഭാഗം 2 | |
| 1 | കംപ്ലീഷൻ പ്ലാനിലെ വിസ്തൃതിക്ക് ആനുപാതികമായി വസ്തുനികുതി നിർണ്ണയിച്ചില്ല | 2-1 |
| 2 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു | 2-2 |
| 3 | പ്രവൃത്തി പൂർത്തീകരിച്ച ഡെപ്പോസിറ്റ് വർക്കിന്റെ ബാക്കി തുക വാട്ടർ അതോറിറ്റിയിൽ നിന്നും ഈടാക്കിയില്ല | 2-3 |
| | ഭാഗം- 3 | |
| 1 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അർഹമായ നിരക്കിൽ നൽകിയില്ല. | 3-1 |
| 2 | അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മാ ഉറപ്പു വരുത്തുന്നില്ല. | 3-2 |
| 3 | സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സഹായം-പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ | 3-3 |
| 4 | ഉപയോഗശൂന്യമായ വാട്ടർ ടാപ്പുകൾ വിഛേദിക്കൽ-(എസ്.0125/19)-പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം | 3-4 |
| 5 | ചെലവുരേഖകൾ ഹാജരാക്കിയില്ല | 3-5 |
| 6 | എം.ആർ.എഫ്. ഷെഡ് - കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. | 3-6 |
| 7 | മരുന്ന് ലഭിച്ചില്ല | 3-7 |
| 8 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി കുറവ് നൽകി | 3-8 |

| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
|---|---|---|
| 1 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം.1 |
| | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |


# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2018-19ലേക്കുള്ള ബജറ്റ് 28.03.2018 തീയതിയിലെ I(7) തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 04.02.2019 തീയതിയിലെ I(1) തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2018 | 15.05.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം./തീയതി |
|---|---|---|

| | | |
|---|---|---|
| 2018-19 | 17/06/19, 18/06/19 | കെ.എസ്.എ-ഇ.കെ.എം.പി9/1204/2019 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പെയ്മെന്റ്പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5286751.00 |
| വരവ് | 71489269.00 |
| ആകെ | 76776020.00 |
| ചെലവ് | 66078578.00 |
| നീക്കിയിരിപ്പ് | 10697442.00 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 0 | 11437895 | 11437895 | 11437895 | | 0 |
| വികസന ഫണ്ട് (എസ്.സി.പി) | | 0 | 4146000 | 4146000 | 4146000 | | 0 |
| വികസന ഫണ്ട് (ടി. എസ്. പി) | | 0 | 91000 | 91000 | 91000 | | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 0 | 16879000 | 16879000 | 16879000 | | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 0 | 2780000 | 2780000 | 2780000 | | 0 |
| കെ. എൽ. എസ്. ജി. ഡി. പി | | 0 | 7049693 | 7049693 | 5329000 | | 1720693 |
| എം.എൻ ആർ.ഇ. ജി.എസ്. | തൊഴിലാളികളുടെ കൂലി | 3851 | 677941 | 681792 | 680142 | 1650 | |
| | ഭരണ ചെലവ് | 0 | 25093832 | 25093832 | 25093832 | 0 | |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി) | | 0 | 7313613 | 7313613 | 7313613 | 0 | |
| ദുരിതാശ്വാസനിധി | | 1374 | 60 | 1434 | 0 | 1434 | |
| ബി ഫണ്ട് | | 0 | 35192252 | 35192252 | 35192252 | 0 | |
| ശുചിത്വം 1 | | 38492 | 1366 | 39858 | 0 | 39858 | |
| ശുചിത്വം 2 | | 0 | 1562800 | 1562800 | 1081154 | 481646 | |
| സാക്ഷരത | | 1296 | 110446 | 111742 | 110400 | 1342 | |
| [illegible] | | [illegible] | [illegible] | [illegible] | [illegible] | [illegible] | |

| | | | | | | |
|---|---|---|---|---|---|---|
| നിർമ്മൽ പുരസ്കാരം | 5500 | 0 | 5500 | 0 | 5500 | |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് | 0 | 125000 | 125000 | 125000 | 0 | |
| ട്രഷറി ജോയിന്റ് വെഞ്ചർ | 606682 | 4979831 | 5586513 | 4599296 | 987217 | |
| ട്രഷറി തനത് ഫണ്ട് | 813052 | 15540284 | 16353336 | 11165830 | 5187506 | |
| ബാങ്ക് തനത് ഫണ്ട് | 3724304 | 21228836 | 24953140 | 23862582 | 899654 | |
| ക്യാഷ് | 92200 | 7937199 | 8029399 | 7847195 | 182204 | |

.

# 1-6 പദ്ധതി അലോകനം

പദ്ധതി വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 172 | 64554556 | 147 | 50493313 | 1 | 24 | 85 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3851 | 677941 | 681792 | 80142 | 1650 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 25093832 | 5093832 | 25093832 | 0 |
| ആകെ | 3851 | 25771773 | 25775624 | 25773974 | 650 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 44400 | 300 |
| കർഷകത്തൊഴിലാളി പെൻഷൻ | 4594400 | 356 |
| വിധവാ പെൻഷൻ | 7253300 | 584 |
| വാർദ്ധക്യകാല പെൻഷൻ | 19965000 | 1628 |
| വികലാംഗ പെൻഷൻ | 2268900 | 190 |
| | | |

| | | |
|---|---|---|
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 910800 | 71 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60000 | 2 |

# 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.06.2019ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24944/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. ഫയലുകളുടേയും, രെജിസ്റ്ററുകളുടേയും പരിപാലനം മികച്ചതാണ്. ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം സുഗമമാണ്. തനത് വരുമാനത്തിലും മുൻ വർഷത്തേക്കാൾ 47%ന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

<u>തൊഴിൽ നികുതി</u>

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

<u>ഡി&ഒ ലൈസൻസ്</u>

ജിഒ(ആർടി)785/2017/തസ്വഭവ തി. 16.02.17 പ്രകാരം പ്രകാരം 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ച് കൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം ചെയ്തിരിക്കുന്ന സാക്ഷ്യപത്രം ലൈസൻസിന് അപേക്ഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് വാങ്ങേണ്ടതാണ്. എന്നാൽ, ഇത് വാങ്ങി സൂക്ഷിക്കുന്നില്ല.

<u>ആസ്തികൾ</u>

ഗ്രാമപഞ്ചായത്തിന്റെ ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. സചിത്ര, സാംഖ്യ സോഫ്റ്റ്‌വെയറുകൾ സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ മുകൾത്തലത്തിൽ പൂർത്തീകരിക്കാത്തതിനാലാണ് വാർഷികകണക്കുകളിൽ ഉൾപ്പെടുത്താൻ സാധിക്കാത്തത് എന്നാണ് ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ വിശദീകരണം.

.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.05.2019 | 02/2019<br>03/2019 | 04.06.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.09.2014 | 2009-10 | 20.11.2014 |

# 1-12 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ അനുബന്ധം 1 ആയി ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-13 ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത്

| ഓഡിറ്റ് എൻക്വയറി നം. | ഇനം | തിരിച്ചടച്ച തുക | രസീത് നമ്പർ/ തീയതി |
|---|---|---|---|
| 03/25.06.19 | തൊഴിൽ നികുതി | 3870/- | 3/33993, 28.06.19<br>4/33993, 28.06.19 |

## ഭാഗം -2

## വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 കംപ്ലീഷൻ പ്ലാനിലെ വിസ്തൃതിക്ക്

# അനുസൃതമായി വസ്തുനികുതി നിർണ്ണയിച്ചില്ല

ശ്രീ. സജീവൻ കെ.എസ്. എന്ന വ്യക്തി തിരുമാറാടി വില്ലേജിലെ 745/1A, 744/15-2 സർവെ നമ്പറുകളിൽ നിർമ്മാണം പൂർത്തിയാക്കിയ 171.34 ച.മീ. വിസ്തൃതിയുള്ള വാട്ടർ സർവീസ് സ്റ്റേഷന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം 93.28 ചമീ, വാട്ടർ സർവീസ് സ്റ്റേഷനും, 45.48 ച.മീ. ഓഫീസ് കെട്ടിടവും, 32.58 ച.മീ. താമസാവശ്യത്തിനുള്ള കെട്ടിടവുമാണ്. ടി കെട്ടിടത്തിന്റെ നികുതിനിർണ്ണയത്തിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട നം | വിസ്തൃതി (ചമീ.) | ഉപയോകക്രമം/ നിരക്ക്/ചമീ. | അടിസ്ഥാന നികുതി | വർദ്ധനവ് | ഇളവ് | ലൈബ്രറി സെസ് | ആകെ |
|---|---|---|---|---|---|---|---|
| XIII/96A | 17.73 | ഓഫീസ് ആവശ്യത്തിനുള്ളവ (40 രൂ./ചമീ.) | 710 | 142 | 0 | 43 | 895 |
| XIII/96B | 90.73 | ഇതര വ്യവസായങ്ങൾക്ക് ആവശ്യമുള്ളവ (50 രൂ./ച.മീ.) | 4537 | 907 | 453 | 250 | 5241 |
| XIII/96C | 62.88 | പാർപ്പിടാവശ്യം (4 രൂ./ച.മീ.) | 252 | 50 | 0 | 16 | 318 |
| ആകെ | 171.34 | | 5499 | 1059 | 453 | 309 | 6454 |

കംപ്ലീഷൻ പ്ലാൻ പ്രകാരം നികുതിനിർണ്ണയം നടത്തേണ്ടിയിരുന്നതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട നം | വിസ്തൃതി | ഉപയോകക്രമം/ നിരക്ക്/ചമീ. | അടിസ്ഥാന നികുതി | വർദ്ധനവ് | ഇളവ് | ലൈബ്രറി സെസ് | ആകെ |
|---|---|---|---|---|---|---|---|
| XIII/96A | 45.48 | ഓഫീസ് ആവശ്യത്തിനുള്ളവ (40 രൂ./ചമീ.) | 1819 | 364 | 0 | 109 | 2292 |
| XIII/96B | 93.28 | ഇതര വ്യവസായങ്ങൾക്ക് ആവശ്യമുള്ളവ (50 രൂ./ചമീ.) | 4664 | 933 | 466 | 257 | 5388 |
| XIII/96C | 32.58 | പാർപ്പിടാവശ്യം (4 രൂ./ചമീ.) | 130 | 26 | 0 | 8 | 164 |
| ആകെ | 171.34 | | 6613 | 1323 | 466 | 374 | 7844 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 13/28.06.19) മറുപടി ലഭിച്ചില്ല. കംപ്ലീഷൻ പ്ലാനിലെ വിസ്തൃതിക്ക് ആനുപാതികമല്ലാതെ ഉപയോഗക്രമം മാറ്റി വസ്തുനികുതി നിർണ്ണയിച്ചത് മൂലം ഗ്രാമപഞ്ചായത്തിന് 2018-19 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി ഇനത്തിൽ 1390 രൂപ (7844-6454) കുറവ് വന്നിട്ടുണ്ട്. ടി തുക ബന്ധപ്പെട്ട നികുതിദായകരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-2 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചു

തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുമാറാടി ഗ്രാമപഞ്ചായത്ത് ഭരണസമിതി 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും നികുതിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. താഴ പറയുന്ന 100 ച. മീറ്ററിന് മുകളിൽ തറവിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചപ്പോൾ 100ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 30 രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തൃതി | ഈടാക്കേണ്ട നികുതി | | | | | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|---|
| | | അടിസ്ഥാന നികുതി | വർദ്ധനവ് | ഇളവ് | ലൈബ്രറി സെസ് | ആകെ | | |
| V/200B | 243.00 | 12150 | 0 | 2430 | 486 | 10206 | 6124 | 4082 |
| VI/450A | 165 | 8250 | | 2475 | 289 | 6064 | 3639 | 2425 |
| ആകെ | | | | | | | | 6507 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 12/28.06.2019) മറുപടി നൽകിയില്ല. ആയതിനാൽ മേൽ നികുതി നിർണ്ണയങ്ങൾ പുനർനിർണ്ണയിച്ച് നികുതി ഇനത്തിൽ കുറവ് വന്ന തുക ബന്ധപ്പെട്ട നികുതിദായകരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-3 പ്രവൃത്തി പൂർത്തീകരിച്ച ഡെപ്പോസിറ്റ് വർക്കിന്റെ ബാക്കി തുക വാട്ടർ അതോറിറ്റിയിൽ നിന്നും ഈടാക്കിയില്ല

2017-18 വാർഷിക ധനകാര്യ പത്രികയിലെ B18 ഷെഡ്യൂളിൽ 460500201 ഹെഡ്ഡിൽ കേരള വാട്ടർ അതോറിറ്റിക്ക് മുൻകൂർ നൽകിയതിന്റെ 1190000/- രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നു. പ്രവൃത്തി പൂർത്തിയാക്കി 723556/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം (എ1-944/06Vol,V. തീ. 10.12.2018) വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. ബാക്കി തുക 466444/- രൂപ വാട്ടർ വാട്ടർ

അതോറിറ്റിയിൽ നിന്നും ലഭിക്കാനുണ്ട്. എന്നാൽ, ടി തുക ബാലൻസ് ഷീറ്റിൽ മുൻകൂർ ആയി ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ, ബാക്കി തുക 466444/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അർഹമായ നിരക്കിൽ നൽകിയില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ/പ്രോജക്ട് | S0061/19, ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | 600000/- |
| ചെലവ് വിവരം/ബിൽ/ ചെക്ക് നം, തീയതി | 1) 300000 (വികസനഫണ്ട്) 7/18-19/ 11.02.19<br>2) 100000 (ജില്ലാ പഞ്ചായത്ത്)-1254943/ 30.03.19<br>3) 60000 (ബ്ലോക്ക് പഞ്ചായത്ത്)-1546698/ 12.03.19 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിൻ കീഴിൽ ഭിന്നശേഷിയുള്ള 37 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി **460000**രൂപ ചെലവഴിച്ചിട്ടുണ്ട്. **37**ൽ **19** പേർ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളാണ്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ **80/2017/** തസ്വഭവ/**03.04.2017** പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകാവുന്ന സ്കോളർഷിപ്പ് തുക താഴെക്കൊടുക്കുന്നു.

| ഇനം | സ്കോളർഷിപ്പ്/ബത്ത | |
|---|---|---|
| | പ്രതിമാസം | വാർഷികം |
| സ്കോളർഷിപ്പ് | 1000 | 12000 |
| വസ്ത്രങ്ങൾക്കുള്ള ബത്ത | - | 1500 |
| പഠനസഹായികൾക്ക്/ വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത | - | 2000 |
| ഡേ സ്കോളർക്ക് യാത്രാബത്ത | 1000 | 10000 |
| ഉല്ലാസ യാത്രാചെലവുകൾ | - | 1000 |
| **ആകെ** | | **26500/-** |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം 26500/- രൂപ അനുവദിക്കാവുന്നതാണ്. എന്നാൽ, ഈ

വിഭാഗത്തിൽപ്പെട്ട 19 വിദ്യാർത്ഥികൾക്കും 15500/- രൂപ മാത്രമേ നൽകിയിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നൽകിയ തുക | നൽകേണ്ട തുക | കുറവ് |
|---|---|---|
| 15500 x 19 =294500 | 26500 x 19 =503500 | 209000 |

തുടർന്നുള്ള വർഷങ്ങളിൽ, പദ്ധതിയിൽ മാർഗ്ഗരേഖ പ്രകാരമുള്ള തുക വകയിരുത്തി ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-2 അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം ഗുണമേന്മ ഉറപ്പു വരുത്തുന്നില്ല.

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (02.11.12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുംബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2018-19 വർഷത്തിൽ 6 മാസം മുതൽ 3 വയസ്സു വരെയുള്ള കുട്ടികൾക്ക് നൽകുന്നതിനായി അമൃതം ഫുഡ് സപ്ളിമെന്റ് യൂണിറ്റ്, രാമമംഗലം എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്.

സാമ്പിൾ പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി (നം.6/27.06.2019) നല്കിയതിന് 2014 ലെ പരിശാധനാ റിപ്പോർട്ടാണ് ഹാജരാക്കിയത്. മേൽ നിഷ്കർഷിച്ചിട്ടുള്ള ഉത്തരവുകൾക്കും പരിശോധനകൾക്കും വിധേയമായി പോഷകാംശം നിറഞ്ഞതും മാലിന്യ മുക്തവുമായ ഭക്ഷ്യമിശ്രിതം അങ്കണവാടി കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 3-3 സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സഹായം-പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

**എ)**

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ.(തിരുമാറാടി) |
| പ്രോജക്ടിന്റെ പേരും നമ്പരും | വനിതാ സ്വയംതൊഴിൽ സംരംഭം എസ്.0031/19 |
| അടങ്കൽ | വികസന ഫണ്ട്-50000<br>തനത് ഫണ്ട് -270000 |
| ചെലവ് | വികസന ഫണ്ട്-50000<br>(1)ബിൽ നം.1/5.2.19 – 40000<br>(2)ബിൽ നം.2/2.3.19 – 10000<br>തനത് ഫണ്ട്-110000<br>(1)ചെക്ക് നം.1254228/7.3.19 – 30000<br>(2)ചെക്ക് നം.209340/21.3.19 – 60000<br>(3)ചെക്ക് നം.209631/22.3.19 – 20000 |

പ്രോജക്ട് പ്രകാരം 8 ഗുണഭോക്താക്കൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സഹായമായി 20000/-രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. വായ്പാബന്ധിതമായാണ് പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നത്. ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

.

| ഗുണഭോക്താവിന്റെ പേര് | ലോൺ അനുവദിച്ച ബാങ്ക് | ലോൺ തുക |
|---|---|---:|
| കൊച്ചുറാണി ബിനു | ബാങ്ക് ഓഫ് ഇൻഡ്യ | 30000 |
| ആശ ബിജു | കാക്കൂർ സഹകരണ ബാങ്ക് | 50000 |
| വത്സ പി.ജെ. | കാനറാ ബാങ്ക് | 50000 |
| ശാന്ത സുകുമാരൻ | കാക്കൂർ സഹകരണ ബാങ്ക് | 50000 |
| സുമതി പി.ഡി. | കാക്കൂർ സഹകരണ ബാങ്ക് | 50000 |
| മിനിമോൾ ജീവൻ | കാക്കൂർ സഹകരണ ബാങ്ക് | 50000 |
| വത്സല ശശി | കാക്കൂർ സഹകരണ ബാങ്ക് | 50000 |
| രുഗ്മിണി വിജയൻ | കാക്കൂർ സഹകരണ ബാങ്ക് | 50000 |

**പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.**

1) ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിരിക്കുന്നത് സ്വയം തൊഴിൽ സംരംഭമായ തയ്യൽ യൂണിറ്റുകളുടെ വിപുലീകരണത്തിനാണ്. എന്നാൽ 14.2.2018-ലെ സ.ഉ.(കൈ)22/2018/ധന. പ്രകാരമുള്ള സബ്സിഡി മാർഗരേഖയിൽ 18 വയസ്സിനും 60 വയസ്സിനും മദ്ധ്യേ പ്രായമുള്ള തൊഴിൽ രഹിതർക്കാണ് സ്വയം തൊഴിൽ സംരംഭങ്ങളുടെ പ്രവർത്തനത്തിനായി സബ്സിഡി അനുവദിക്കാവുന്നതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ തയ്യൽ യൂണിറ്റുകൾ പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്ന വ്യക്തികൾക്ക് തന്നെയാണ് സബ്സിഡി അനുവദിച്ചിരിക്കുന്നത്.

2) സ്വയംതൊഴിൽ സംരംഭത്തിന്റെ പ്രവർത്തനത്തിനാവശ്യമായ ചെലവു തുകയുടെ 75% തുക ആണ് (പരമാവധി 50000/-)സബ്സിഡിയായി അനുവദിക്കുന്നത്. എന്നാൽ ഗുണഭോക്താക്കൾക്ക് ചെലവായ തുകയുടെ വിശദാംശങ്ങൾ ഹാജരാക്കാതെ സബ്സിഡി അനുവദിച്ചിരിക്കുന്നതിനാൽ അർഹമായ സബ്സിഡി തുക തന്നെയാണ് നൽകിയിരിക്കുന്നത് എന്ന് ഉറപ്പു വരുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2/25.6.2019)മറുപടി ലഭ്യമാക്കിയിട്ടില്ല.

.

**ബി)**

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ.(ഒലിയപ്പുറം) |
| പ്രോജക്ടിന്റെ പേരും നമ്പരും | വനിതാ സ്വയംതൊഴിൽ സംരംഭം എസ്.0125/19 |
| അടങ്കൽ | വികസന ഫണ്ട് - 357120<br>തനത് ഫണ്ട് - 92880 |
| ചെലവ് | വികസന ഫണ്ട് - 3,57,120/-<br>1)ബിൽ നം.8/7.7.18 - 100000<br>2)ബിൽ നം.10/13.7.18 -100000<br>3)ബിൽ നം13/27.9.18 -150000<br>4)ബിൽ നം36/24.12.18 - 7120<br>തനത് ഫണ്ട് - 92880<br>(1)ചെക്ക് നം.1312625/7.1.19-92880 |

പ്രോജക്ട് പ്രകാരം 9 വനിതാ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സഹായമായി 50000/-രൂപ വീതം സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. വായ്പാബന്ധിതമായാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു

| ഗുണഭോക്താവിന്റെ പേര് | ലോൺ അനുവദിച്ച ബാങ്ക് | ലോൺ തുക |
|---|---|---|

| | | |
|---|---|---|
| വർഷ സെയിൽസ് &സർവ്വീസ് | കാക്കൂർ സഹകരണ ബാങ്ക് | 100000 |
| ആവണി തയ്യൽ യൂണിറ്റ് | കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക് | 100000 |
| ആവണി തയ്യൽ യൂണിറ്റ് | കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക് | 100000 |
| സൌഹൃദ തയ്യൽ യൂണിറ്റ് | കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക് | 100000 |
| പ്രിയദർശിനി പൊടിമിൽ യൂണിറ്റ് | കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക് | 100000 |
| ഗൃഹലക്ഷ്മി തയ്യൽ യൂണിറ്റ് | കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക് | 100000 |
| ഗീതാസ് പിക്കിൾസ് | കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക് | 100000 |
| കൂട്ടുകാരി തയ്യൽ യൂണിറ്റ് | കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക് | 100000 |
| ഐശ്വര്യ പൊടിമിൽ യൂണിറ്റ് | കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക് | 100000 |
| ദീപം ബുക്ക് ബൈൻഡിംഗ് | കാക്കൂർ സർവ്വീസ് സഹകരണ ബാങ്ക് | 100000 |

പ്രോജക്ട് പ്രകാരം സബ്സിഡി അനുവദിച്ചിരിക്കുന്നത് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങളുടെ വിപുലീകരണത്തിനാണ്. സബ്സിഡി മാർഗരേഖ പ്രകാരം(സ.ഉ.(എം.എസ്.) 22/18/ ധന/14.2.2018) 18 നും 60 നും ഇടയിൽ പ്രായമുള്ള തൊഴിൽരഹിതരായ സ്ത്രീകളുടെ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽസംരംഭം തുടങ്ങുന്നതിനാവശ്യമായ തുകയുടെ 85% വരെ സബ്സിഡിയായി (പരമാവധി 300000/-രൂപ)അനുവദിക്കാവുന്നതാണ്. എന്നാൽ ഈ പ്രോജക്ടിന്റെ ഗുണഭോക്താക്കൾ നിലവിൽ സ്വയംതൊഴിൽ സംരംഭങ്ങൾ നടത്തി വരുന്നവരാണ്. ആയതിനാൽ തൊഴിൽരഹിതരായവർക്കു നൽകേണ്ട ധനസഹായം നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗ്രൂപ്പുകൾക്ക് അനുവദിക്കാവുന്നതല്ല. ആയതിനു വിരുദ്ധമായി സബ്സിഡി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(8/27.6.2019) മറുപടി ലഭ്യമാക്കിയില്ല.

സബ്സിഡി നൽകേണ്ടത് തൊഴിൽരഹിതരായവർക്കാണെന്ന് മാർഗരേഖയിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിക്കാതെയാണ് മേൽ സൂചിപ്പിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയിരിക്കുന്നത്. ഇത് പദ്ധതിരൂപീകരണത്തിലെ പാളിച്ചയാണ് വ്യക്തമാക്കുന്നത്. പ്രോജക്ടുകളുടെ മോണിട്ടറിംഗ് റിപ്പോർട്ടും ഇല്ല. പ്രോജക്ട് നടപ്പിലാക്കുമ്പോൾ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

.

# 3-4 ഉപയോഗശൂന്യമായ വാട്ടർ ടാപ്പുകൾ വിഛേദിക്കൽ-(എസ്.0125/19)-പ്രവൃത്തി

# പൂർത്തീകരിക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | തനത് ഫണ്ട് – 240000 |
| ചെലവ് | ഡി.ഡി. നം.155964/ 30.3.19 -240000/-രൂപ |

പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ ഉപയോഗശൂന്യമായ 143 വാട്ടർടാപ്പുകൾ വിഛേദിക്കുന്നതിനായി 240000/-രൂപ വാട്ടർ അതോറിട്ടിയിൽ അടച്ചിട്ടുണ്ട്(എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിട്ടി, പി.എച്ച് ഡിവിഷൻ, മൂവാറ്റുപുഴ). എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/28.6.19) നൽകിയ മറുപടിയിൽ വാട്ടർ അതോറിട്ടി ടെണ്ടർ നടപടികൾ സ്വീകരിച്ചു വരികയാണെന്നും നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള 246 തെരുവുവാട്ടർ ടാപ്പുകളുടെ വാട്ടർ ചാർജായ 107625/-രൂപയാണ് പ്രതിമാസം പഞ്ചായത്ത് വാട്ടർ അതോറിട്ടിയിൽ അടച്ചുകൊണ്ടിരിക്കുന്നത്. ഉപയോഗശൂന്യമായ 143 വാട്ടർടാപ്പുകൾ വിഛേദിക്കുമ്പോൾ പഞ്ചായത്തിന് വാട്ടർ അതോറിട്ടിയിൽ പ്രതിമാസം 45063/- മാത്രമേ അടക്കേണ്ടതുള്ളു. എന്നാൽ പ്രോജക്ട് പൂർത്തിയാക്കാത്തതിനാൽ നിലവിൽ പ്രതിമാസം 62562/- രൂപയുടെ നഷ്ടമാണ് പഞ്ചായത്തിന് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ആയതിനാൽ പ്രോജക്ട് പൂർത്തീകരണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

# 3-5 ചെലവുരേഖകൾ ഹാജരാക്കിയില്ല

ഹെഡ്മിസ്ട്രസ്സ്(കാക്കൂർ എൽ.പി.എസ്.) നിർവ്വഹണോദ്യോഗസ്ഥയായി 2018-19 വർഷം നടപ്പിലാക്കിയ താഴെ സൂചിപ്പിക്കുന്ന പ്രോജക്ടുകൾക്ക് വേണ്ടി ചെലവഴിച്ചിരിക്കുന്ന തുകയായ 365435/-രൂപ ചെലവുരേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേരും നമ്പരും | ചെലവഴിച്ച തുക /ബിൽ നമ്പർ | തടസ്സപ്പെടുത്തുന്നതിനുള്ള കാരണം |
|---|---|---|
| എസ്.എസ്.എ വിഹിതം(എസ്0014/19) | 294435/-രൂപ (ബിൽ നം.1/21.8.18-200000; ബിൽ | തുക എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |

| | | |
|---|---|---|
| | നം.5/22.1.19-94435) | |
| എസ്.എസ്.എ വിഹിതം(എസ്.സി) (എസ്0015/19) | 30000/-രൂപ (ബിൽ നം.2/17.10.18) | തുക എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| പത്താം തരം തുല്യതാ പഠനം(എസ്0025/19) | 18500/-രൂപ (ബിൽ നം.3/26.11.18) | സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ ഗുണഭോക്താക്കളായ വ്യക്തികളുടെ പേര്, എണ്ണം, ഓരോ ഗുണഭോക്താവിനും വേണ്ടി ചെലവഴിച്ചിരിക്കുന്ന തുക എന്നീ വിവരങ്ങൾ ഹാജരാക്കിയില്ല. കൂടാതെ ഗുണഭോക്താക്കൾ തുല്യതാ പഠനത്തിന് ഹാജരായതിന്റെ വിവരങ്ങളോ തുല്യതാ പരീക്ഷക്ക് ഹാജരായതിന്റെ വിവരവും ലഭ്യമാക്കിയില്ല. |
| ഹയർ സെക്കണ്ടറി തുല്യതാ പഠനം (എസ്0029/19) | 22500/-രൂപ (ബിൽ നം.4/26.11.18) | തുക സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ ഗുണഭോക്തൃലിസ്റ്റ്, ഗുണഭോക്താക്കൾ തുല്യതാ പഠനത്തിന് ഹാജരായതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയില്ല. |

# 3-6 എംആർ.എഫ്. ഷെഡ് - കാര്യാക്ഷമമായി പ്രവർത്തിക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം. | 34/19 |
| പ്രോജക്ടിന്റെ പേര് | എംആർ.എഫ്. ഷെഡ് നിർമ്മാണം |
| അടങ്കൽ | 400000/- |
| ചെലവ് | 341413/- |
| ബിൽ നം.& തീയതി | 47/18-19/7.01.19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |

തിരുമാറാടി പഞ്ചായത്തിലെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ച എംആർ.എഫ്. സെന്ററിനോട് ചേർന്ന് മെറ്റീരിയൽ കളക്ഷനുവേണ്ടിയും സ്റ്റോറേജ് ചെയ്യുന്നതിനുവേണ്ടിയും നിർമ്മിച്ച ഒരു ഷെഡ്ഡാണിത്.എന്നാൽ ഇതിന്റെ ഭൗതിക പരിശോധന നടത്തിയതിൽ എംആർ.എഫ്. സെന്ററിന്റെയും എംആർ.എഫ്. ഷെഡ്ഡിന്റെയും പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല എന്ന് മനസ്സിലാക്കാൻ സാധിച്ചു. ആയതിനാൽ ഇവ രണ്ടിന്റയുംപ് രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാൻഡിങ്ങ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# 3-7 മരുന്ന് ലഭിച്ചില്ല

**(എ) ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ.**

| | |
|---|---|
| പ്രോജക്ട് നം, പേര് | S0022/19, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ. |
| ബിൽ നം, തീയതി, ചെലവ് | 01/2018-19, 12.10.18, 100000/- |
| ഫണ്ട് അടങ്കൽ | മെയിന്റനൻസ് ഫണ്ട് (റോഡിതരം) 100000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

മേൽ വിവരിച്ച പ്രകാരം മെഡിക്കൽ ഓഫീസർ (ഹോമിയോ) ഹോംകോ, കേരള -യിലേക്ക് 100000/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി സ്ഥാപനം ഹോസ്പറ്റിലേക്ക് LP83/03.05.19 പ്രകാരം 64408 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി 35592/- രൂപയുടെ മരുന്ന് കൂടി ലഭ്യമാക്കാനുണ്ട്.

**(ബി) <u>ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ</u>.**

| | |
|---|---|
| പ്രോജക്ട് നം, പേര് | S0048/19, ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ. |
| ബിൽ നം,തീയതി,ചെലവ് | 01/2018-19, 11.12.18, 600000/- |
| ഫണ്ട് അടങ്കൽ | മെയിന്റനൻസ് പണ്ട് (റോഡിതരം)100000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |

മേൽ വിവരിച്ച പ്രകാരം മെഡിക്കൽ ഓഫീസർ (ആയുർവേദം) ഔഷധിയിലേക്ക് 600000/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി സ്ഥാപനം ഹോസ്പറ്റിലേക്ക് 488185/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി 111815/- രൂപയുടെ മരുന്ന് കൂടി ലഭ്യമാക്കാനുണ്ട്.
ലഭ്യമാക്കാൻ ബാക്കിയുള്ള മരുന്ന് ഹോസ്പറ്റലുകളിലേക്ക് അടിയന്തരമായി ലഭ്യമാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംങ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 3-8 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി കറവ് നൽകിയത് സംബന്ധിച്ച്

സർക്കാർ വിഭാവനം ചെയ്യുന്നനിരക്കിൽക്ഷീര കർഷകർക്ക് പാലിന് സബ്സിഡി/ ധനസഹായം പൂർണ്ണമായ തോതിൽ നൽകാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി.

1.പ്രൊജക്ട് നം : എസ്.ഒ.72/19

ചെലവഴിച്ച തുക :985700 രൂപ ( 370000/- – വികസന ഫണ്ട് , 200,000 – ബ്ലോക്ക് വിഹിതം , 415700/- ജില്ലാ പഞ്ചായത്ത് വിഹിതം).

2.പ്രൊജക്ട് നം : എസ്.ഒ.73/19

ചെലവഴിച്ച തുക :52600 രൂപ – എസ്.സി.പി. ഫണ്ട് ,

പ്രോജക്ട് നം. എസ്.ഒ.72/19 പ്രകാരം 330 പൊതുവിഭാഗം ക്ഷീരകർഷകർക്ക്(തിരുമാറാടി, ഒലിയപ്പുറം, മണ്ണത്തൂർ, വെട്ടിക്കാട്ടുപാറ, കാക്കൂർ, ഇടയാർ, ചെട്ടിപ്പീടിക, വെട്ടിമൂട് എന്നീ 8 ക്ഷീരോത്പാദക സഹകരണ സംഘങ്ങളിലെ ക്ഷീരകർഷകർ) 985700 രൂപയും പ്രോജക്ട് നം. എസ്.ഒ.73/19 പ്രകാരം 11 എസ്.സി.വിഭാഗം ക്ഷീരകർഷകർക്ക് 52600 രൂപയും നല്കിയിട്ടുണ്ട്. 2018 ഏപ്രിൽ മുതൽ ഓഗസ്റ്റ് മാസം വരെയുള്ള 5മാസ കാലയളവ് കണക്കാക്കി പാലിന് ലിറ്ററിന് 3 രൂപ എന്ന കണക്കിൽ സബ്സിഡി നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കിയെങ്കിലും 3 രൂപയിൽ കുറഞ്ഞ തുകയാണ് സബ്സിഡിയായി നല്കിയിരിക്കുന്നത്. ഒരു കൊല്ലം ലഭിച്ച പാലിന് ശരാശരി കണക്കാക്കി പരമാവധി 40000/- രൂപ വരെ ഒരു ക്ഷീരകർഷകന് സബ്സിഡി നൽകാമെന്നിരിക്കെ ഇത്രയും കുറഞ്ഞ കാലയളവ് കണക്കാക്കി സർക്കാർ നിശ്ചയിച്ചിരിക്കുന്നതിലും കുറവ് തുക സബ്സിഡി നൽകിയതിന്റെ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി(നം.1/19.6.19)യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണമാണെന്നാണ് പറഞ്ഞിരിക്കുന്നത്. ക്ഷീരകർഷകർക്ക് സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന രീതിയിലും നിരക്കിലും സബ്സിഡി നൽകേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 420928 | നെൽകൃഷി വികസനം | 420928 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 165500 | ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 100000 | 65500 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 415700 | ക്ഷീരസംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 415700 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 650000 | ലൈഫ് ഭവനപദ്ധതി | 548027 | 101973 |
| ബ്ലോക്ക് | 2018-19 | 20000 | ക്ഷീരസംഘങ്ങൾ വഴി വിതരണം | 40590 | 159410 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | ചെയ്യുന്ന പാലിന് സബ്സിഡി | | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | ഭിന്നശേഷിക്കാരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 10000 | 90000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 900000 | ലൈഫ് ഭവനപദ്ധതി | 800000 | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 771200 | എംആർഎഫ് സെന്ററിലേക്ക് മാലിന്യം ശേഖരിക്കുന്നതിന് വാഹനം വാങ്ങൽ | 0 | 771200 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ഉപയോഗശൂന്യമായ വാട്ടർ ടാപ്പുകൾ വിച്ഛേദിക്കൽ | 21801268/ 155964 | 240000 | 0 | 240000 |

പ്രവൃത്തി പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2018-19 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭ ത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ (ലൈഫ് ഭവനപദ്ധതി) | | 1503463 | 0 | 0 | 0 | 1503463 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

.

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.2 | 2016-17 | 2.2 | തൊഴിൽനികുതി | 28/9/2018 ൽ എ1/5472/16നമ്പർ കത്ത് പ്രകാരം മറുപടി നല്കി |
| 2015-16 | 2.1 | | 2.1 | | -- |

# 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

ഇല്ല

(ബി) ചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71489269.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66078578.00 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 1390 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡി റ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 365435 |

## (ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 1390 | - | ശ്രീ റെയ്സൺ വി വർഗീസ് സെക്രട്ടറി ഇൻ ചാർജ് |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 365435 | ശ്രീമതി പി. ഗിരിജ, ഹെഡ്മിസ്ട്രസ്സ്(കാക്കൂർ എൽ.പി.എസ്.) |

## (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

## (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## (എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. റെയ്സൺ വി.വർഗ്ഗീസ് സെക്രട്ടറി ഇൻ ചാർജ് | അസി. സെക്രട്ടറി, തിരുമാറാടി ഗ്രാമ പഞ്ചായത്ത് | വരീക്കൽ ഹൌസ് കുന്നപ്പിള്ളി , പെരുവ P.O. കോട്ടയം |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന

# റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1987-88 | എൽ.എഫ്.ഇ.(പി.3)175/96/7.3.1996 |
| 1988-89 | എൽ.എഫ്.ഇ.(പി.2)1159/96/6.12.96 |
| 1996-97 | എൽ.എഫ്.ഇ.(പി.2)696/99/12.3.99 |
| 1997-98 | എൽ.എഫ്.ഇ.(പി.2)518/01/ 13.8.2001 |
| 1998- 99 - 2000-01 | എൽ.എഫ്.ഇ.(പി.2)885/03/6.11.2013 |
| 2001-02 (പദ്ധതി) | എൽ.എഫ്.ഇ.(പി.2)1189/04/9.2.2005 |
| 2001-02 | എൽ.എഫ്.ഇ.(പി.1)1928/ 07/2.8.06 |
| 2002-03 | എൽ.എഫ്.ഇ.(പി.9)1340/10/ 23.5.2001 |
| 2003-04 | എൽ.എഫ്.ഇ.(പി.9)1342/10/ 23.5.2011 |
| 2004-05 | എൽ.എഫ്.ഇ.(പി.9)1342/10/ 5.5.2011 |
| 2005-06 | എൽ.എഫ്.ഇ.(പി.9)1343/10/ 14.9.2011 |
| 2011-12, 2012-13 | എൽ.എഫ്.ഇ.(പി.9) 972/14/27.8.14 |
| 2013-14 | കെ,എസ്.എ.ഇ.കെ.എം. (പി.9) 1504/15/ 09.09.2015 |
| 2014-15 | കെ.എസ് എ ഇ കെ എം (പി 9) 1187/2016 /19.7.16 |
| 2015-16 | കെ.എസ് എ ഇ കെ എം (പി 9) 2440/ 2016/ 7.1.2017 |
| 2016-17 | കെ.എസ് എ ഇ കെ എം (പി 9) 1646/ 2017/ 10.10.17/07.12.2017 |
| 2017-18 | കെ.എസ് എ ഇ കെ എം (പി 9) 2319/ 2019/ 10.10.17/18.03.19 |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ അടിയന്തരമായി തീർപ്പാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്

.

# അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 295(4) എന്നിവ അനുസരിച്ചും പഞ്ചായത്തുകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തിരുമാറാടി പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

**ഡെപ്യൂട്ടി ഡയറക്ടർ**

<u>2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.</u>

1. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

2, 2017-18 വാർഷിക ധനകാര്യ പത്രികയിലെ B18 ഷെഡ്യൂളിൽ 460500201 ഹെഡ്ഡിൽ കേരള വാട്ടർ അതോറിറ്റിക്ക് മുൻകൂർ നൽകിയതിന്റെ 1190000/- രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നു. പ്രവൃത്തി പൂർത്തിയാക്കി 723556/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം (എ1-944/06Vol,V. തി. 10.12.2018) വാട്ടർ അതോറിറ്റി നൽകിടിട്ടുണ്ട്. ബാക്കി തുക 466444/- രൂപ വാട്ടർ വാട്ടർ

അതോറിറ്റിയിൽ നിന്നും ലഭിക്കാനുണ്ട് എന്നാൽ, ടി തുക ബാലൻസ് ഷീറ്റിൽ മുൻകൂർ ആയി ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

.

**ഡെപ്യൂട്ടി ഡയറക്ടർ**